# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686 560

ഫോൺ: 0481 – 2733298, മൊബൈൽ : 9495119702


2019 ഓഗസ്റ്റ് 3

# വാർത്താക്കുറിപ്പ്

## ശാസ്ത്ര ഗവേഷണത്തിലെ മികവ്; പ്രൊഫ. സാബു തോമസിന് യൂറോപ്യൻ അക്കാദമി ഓഫ് സയൻസസിന്റെ അംഗത്വം

ശാസ്ത്ര സാങ്കേതിക ഗവേഷണ മേഖലയിലെ മികവിന് ആദരമായി മഹാത്മാ ഗാന്ധി സർവകലാശാല വൈസ് ചാൻസലറും പ്രമുഖ പോളിമർ - നാനോ സയൻസ് ശാസ്ത്രജ്ഞനുമായ പ്രൊഫ. സാബു തോമസിന് യൂറോപ്യൻ അക്കാദമി ഓഫ് സയൻസസിന്റെ അംഗത്വം. നൊബേൽ, ഫീൽഡ്സ് മെഡൽ, വൂൾഫ് പ്രൈസ്, ആബൽ പ്രൈസ് ജേതാക്കളും ലോകത്തെ പ്രമുഖ ശാസ്ത്രജ്ഞരും അംഗമായ സ്വതന്ത്ര രാജ്യാന്തര സമിതിയാണിത്. കെമിസ്ട്രി ഡിവിഷനിൽ പ്രൊഫ. സാബു തോമസിന് മാത്രമാണ് അംഗത്വം ലഭിച്ചിട്ടുള്ളത്.

ലോകപ്രശസ്തരായ ശാസ്ത്രജ്ഞരുമായി ഗവേഷണബന്ധം സ്ഥാപിക്കാനും സർവകലാശാലയ്ക്ക് ഗവേഷണ മേഖലയിൽ നേട്ടം കൈവരിക്കാനും യൂറോപ്യൻ അക്കാദമി ഓഫ് സയൻസസിന്റെ അംഗത്വം പ്രയോജനപ്പെടും. സ്കോപസ് ഇൻഡക്സ്ഡ് ജേർണലുകളുടെ ആയിരത്തിലധികം പബ്ലിക്കേഷനുകളും എച്ച് ഇൻഡക്സിലെ 96-ാം സ്ഥാനവും 43003 സൈറ്റേഷനുകളുമടക്കം അക്കാദമിക മികവുകൾ അടിസ്ഥാനമാക്കിയാണ് അംഗത്വത്തിന് തിരഞ്ഞെടുത്തത്.

സി.എൻ.ആർ. റാവു ലക്ചർ അവാർഡ്, പ്രൊഫസർ അറ്റ് ലൊറൈൻ പദവിയടക്കം വിവിധ രാജ്യാന്തര ബഹുമതികൾ അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

## ഫോട്ടോ ക്യാപ്ഷൻ

**പ്രൊഫ. സാബു തോമസ്**

(പി.ആർ.ഒ./39/1473/2019)

## പുതുക്കിയ പരീക്ഷ തീയതി

ഓഗസ്റ്റ് ആറ്, എട്ട്, 12, 14 തീയതികളിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.കോം (2017 അഡ്മിഷൻ റഗുലർ - സി.ബി.സി.എസ്. - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം സെപ്തംബർ 18, 20, 23, 25 തീയതികളിലും ഓഗസ്റ്റ് ആറ്, എട്ട്, 12, 14 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.എ./ബി.കോം (സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി/2017ന് മുമ്പുള്ള അഡ്മിഷൻ - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം സെപ്തംബർ 18, 20, 23, 25 തീയതികളിലും നടക്കും.

ഓഗസ്റ്റ് 12ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം സെമസ്റ്റർ ബി.എ. ഇസ്ലാമിക് ഹിസ്റ്ററി (കോമൺ വിത്ത് പൊളിറ്റിക്കൽ സയൻസ് ആന്റ് സോഷ്യോളജി) പരീക്ഷ ഓഗസ്റ്റ് 16ന് നടക്കും.

ഓഗസ്റ്റ് ആറ്, ഏഴ്, എട്ട്, 12, 14 തീയതികളിൽ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന മൂന്ന്, നാല്, ഏഴ്, ഒൻപത് സെമസ്റ്റർ പഞ്ചവത്സര ബി.എ. എൽ.എൽ.ബി. (ഓണേഴ്സ് - 2008-2013 അഡ്മിഷൻ) സ്പെഷൽ മേഴ്സി ചാൻസ്, 2018 അദാലത്ത് പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 21, 22, 26, 27, 29 തീയതികളിൽ നടക്കും.

ഓഗസ്റ്റ് 14ന് നടത്താൻ നിശ്ചയിച്ചിരുന്ന മൂന്നാം വർഷ ബി.എസ്‌സി. മെഡിക്കൽ മൈക്രോബയോളജി (2015 അഡ്മിഷൻ, 2008-2014 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷ ഓഗസ്റ്റ് 21 ന് നടക്കും.

ഓഗസ്റ്റ് ഏഴിന് നടത്താൻ നിശ്ചയിച്ചിരുന്ന രണ്ടാം വർഷ ബി.എസ്‌സി. എം.ആർ.ടി. സപ്ലിമെന്ററി (2016ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷ ഓഗസ്റ്റ് 13 ന് നടക്കും.

ഓഗസ്റ്റ് എട്ട്, 12, 14 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഒന്ന്, മൂന്ന്, അഞ്ച് സെമസ്റ്റർ എം.സി.എ. സ്‌പെഷൽ മേഴ്‌സി ചാൻസ് (2007-2010 അഡ്മിഷൻ - അഫിലിയേറ്റഡ് കോളേജുകൾ) പരീക്ഷകൾ യഥാക്രമം സെപ്തംബർ മൂന്ന്, നാല്, അഞ്ച് തീയതികളിൽ നടക്കും.

ഓഗസ്റ്റ് ഏഴിന് അഫിലിയേറ്റഡ് കോളേജുകളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷ ഓഗസ്റ്റ് ഒൻപതിന് നടക്കും.

ഓഗസ്റ്റ് ഏഴ്, 12, 14 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ഐ.എം.സി.എ. (2017 അഡ്മിഷൻ റഗുലർ), ഡി.ഡി.എം.സി.എ. (2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 16, 19, 21 തീയതികളിൽ നടക്കും.

ഓഗസ്റ്റ് ഏഴിന് നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.പി.എഡ്. (2014 അഡ്മിഷൻ സപ്ലിമെന്ററി/2007-2013 അഡ്മിഷൻ മേഴ്‌സി ചാൻസ്) പരീക്ഷ ഓഗസ്റ്റ് 16 ന് നടക്കും.

ഓഗസ്റ്റ് ഏഴ്, 12 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ/2014, 2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 13, 16 തീയതികളിൽ നടക്കും.

ഓഗസ്റ്റ് 12, 14 തീയതികളിൽ നടത്താനിരുന്ന ഒന്നാം വർഷ ബി.എസ്‌സി. നഴ്‌സിംഗ് (2011-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം സെപ്തംബർ നാല്, ആറ് തീയതികളിൽ നടക്കും.

ഓഗസ്റ്റ് ഏഴ്, എട്ട്, 12, 14 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എ. (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി – പ്രൈവറ്റ്) പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 16, 19, 20 (രണ്ട് പരീക്ഷ) തീയതികളിൽ നടക്കും.

ഓഗസ്റ്റ് ഏഴ്, 12, 14 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ/രണ്ടാം വർഷ എം.എസ്‌സി. (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പ്രൈവറ്റ് ജൂലൈ 2019 പരീക്ഷകൾ യഥാക്രമം ഓഗസ്റ്റ് 22, 26, 27 തീയതികളിൽ നടക്കും.

ഓഗസ്റ്റ് എട്ടിന് നടത്താനിരുന്ന നാലാം സെമസ്റ്റർ/രണ്ടാം വർഷ എം.കോം. (2017 അഡ്മിഷൻ റഗുലർ/2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) പ്രൈവറ്റ് ജൂലൈ 2019 പരീക്ഷ ഓഗസ്റ്റ് 13ന് നടക്കും.

ഓഗസ്റ്റ് 12ന് നടത്താനിരുന്ന മൂന്നാം വർഷ ബി.ഫാം (2016 അഡ്മിഷൻ റഗുലർ/2016ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി/മേഴ്‌സി ചാൻസ് - സ്‌പെഷൽ മേഴ്‌സി ചാൻസ് 2018 - അദാലത്ത്) പരീക്ഷ ഓഗസ്റ്റ് 21ന് നടക്കും.

ഓഗസ്റ്റ് 12ന് നടത്താനിരുന്ന മൂന്നാം പ്രൊഫഷണൽ ബി.എച്ച്.എം.എസ്. (പഴയ സ്‌കീം അവസാന മേഴ്‌സി ചാൻസ്) പരീക്ഷ ഓഗസ്റ്റ് 13 ന് നടക്കും.

പരീക്ഷകേന്ദ്രം, സമയം എന്നിവയ്ക്ക് മാറ്റമില്ല. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്‌സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ./39/1474/2019)

## പരീക്ഷഫലം

2018 നവംബറിൽ നടന്ന മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക് (2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓഗസ്റ്റ് 13 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ./39/1475/2019)

## നാനോ സയൻസ് – നാനോ ടെക്‌നോളജിയിൽ

## ജെ.ആർ.എഫ്.; അപേക്ഷ ക്ഷണിച്ചു

മഹാത്മാ ഗാന്ധി സർവകലാശാലയിൽ യു.ജി.സി. - ഡി.എ.ഇ. കൺസോർഷ്യം ഫോർ സയന്റിഫിക് റിസർച്ച് പ്രൊജക്ടിലേക്ക് ജൂനിയർ റിസർച്ച് ഫെലോഷിപ്പിനായി അപേക്ഷ ക്ഷണിച്ചു. 'ഗാമറെ അസിസ്റ്റഡ് ക്രോസ്ലിംഗ്ഡ് സിലിക്കൺ റബർ ബെയ്‌സ്ഡ് ഇ.എം.ഐ. ഷീൽഡിംഗ് മെറ്റീരിയൽ'

എന്ന വിഷയത്തിലാണ് പ്രൊജക്ട്. ഒരൊഴിവാണുള്ളത്. ഒരു വർഷമാണ് കാലാവധി. 14000 രൂപയും വീട്ടുവാടക അലവൻസും ലഭിക്കും. യോഗ്യത: എം. എസ്.സി. കെമിസ്ട്രി/പോളിമർ സയൻസ് ബിരുദം, നെറ്റ് (യു.ജി.സി. സി.എസ്.ഐ.ആർ.) അല്ലെങ്കിൽ ഒന്നാം ക്ലാസോടുകൂടിയ എം.ഇ./എം.ടെക് ബിരുദം. ബയോഡാറ്റയും മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും സഹിതം അപേക്ഷ പ്രൊഫ. സാബു തോമസ്, സ്കൂൾ ഓഫ് കെമിക്കൽ സയൻസസ്, മഹാത്മാ ഗാന്ധി സർവകലാശാല, പി.ഡി.ഹിൽസ് പി.ഒ., കോട്ടയം - 686560 എന്ന വിലാസത്തിൽ നൽകണം. വിശദവിവരത്തിന് ഇമെയിൽ: sabuthomas@mgu.ac.in.

(പി.ആർ.ഒ./39/1476/2019)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ